## മധുരമായ കുട്ടികളെ -ദേഹസഹിതം എല്ലാം മറന്ന് പൂർണ്ണമായും യാചകനാകൂ, തന്റെ ബുദ്ധിയോഗം ശിവപുരിയിലും വിഷ്ണുപുരിയിലും വെക്കൂ.

**ചോദ്യം** – ഏതൊരു കാര്യത്തിലാണ് നിങ്ങൾ കുട്ടികൾ ബാബക്ക് സമാനം വിശാലഹൃദയരായിമാറേണ്ടത്?
**ഉത്തരം** – ഏത് പോലെ ബാബ നിങ്ങൾ കുട്ടികളിൽ നിന്ന് അഴുക്കിനെ എടുത്ത് നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നു അതുപോലെ നിങ്ങളും വിശാല ഹൃദയരായി തീരണം. ഓരോ സ്ഥലങ്ങളിലും ഈശ്വരീയ യൂണിവേഴ്സിറ്റി തുറക്കൂ. 3-4 പേരെങ്കിലും നല്ല പദവി നേടിയാൽ മഹാഭാഗ്യം. സൽപുത്രരായി സത്ഗുരുവിന്റെ പ്രത്യക്ഷത ചെയ്യൂ. ഒരിക്കലും ആരിൽ നിന്നും പണവും മറ്റും ആവശ്യപെടരുത്.

**ഗീതം**-ബാല്യ കാല ദിനങ്ങൾ മറക്കരുത്........

**ഓംശാന്തി**. കുട്ടികളെ സന്തോഷിപ്പിക്കുന്നതിന് വേണ്ടിയാണ് ഈ ഗീതങ്ങളെല്ലാം. ബാപ്ദാദയും മമ്മയും. മമ്മമാർ രണ്ട് പേരാണ്. ദാദിയും (മുത്തശ്ശി ) അമ്മയും. ഇത് നിങ്ങളുടെ ദാദിയുമാണ്. നിങ്ങൾ ബ്രഹ്മാവിന്റെ കുട്ടികളുമാണ് ശിവന്റെ പൗത്രിമാരുമാണ്. മമ്മയും ബ്രഹ്മാവിന്റെ മകളായ സരസ്വതിയാണ്. ശിവബാബയുടെ പൗത്രിയുമാണ്. കുട്ടികളെ സംരക്ഷിക്കുന്നതിന് വേണ്ടി ജഗദംബ നിമിത്തമായിരിക്കുന്നു. ശിവബാബ ബഹുരൂപിയാണ്. ബാബ വളരെ വിനോദിപ്പിക്കുന്നു.ആനന്ദം തോന്നുന്നില്ലേ. വിവാഹനിശ്ചയം കഴിയുമ്പോൾ വളരെ ആനന്ദിക്കുന്നു, പിന്നെ വിവാഹ സമയത്ത് രണ്ട് പേരും കീറിയ വസ്ത്രങ്ങൾ ധരിക്കുന്നു, എണ്ണ തേക്കുന്നു. ഈ രീതിയും ഇവിടെയാണ്. നിങ്ങൾ കുട്ടികൾക്കും ബാബ മനസിലാക്കി തരുന്നു പരിപൂർണമായും യാചകരാകണം. ഒന്നും ഇല്ലാതാകുമ്പോൾ എല്ലാം ലഭിക്കും. ദേഹസഹിതം ഒന്നും തന്നെ ബാക്കിയാകരുത്. ശിവപുരിയിലും, വിഷ്ണുപുരിയിലും ബുദ്ധിവെക്കണം. മറ്റ് ഏതൊരു വസ്തുവിലും ആസക്തിയില്ലെങ്കിൽ ബാബ കുട്ടികളെ രസിപ്പിക്കും. ഇതും ബാബയുടെ രഹസ്യമാണ്. മീരയേകുറിച്ച് എത്ര പാട്ടുകളാണ്. കേവലം പവിത്രതക്കുവേണ്ടി സമൂഹത്തിന്റെ ആചാരങ്ങൾ അവഗണിച്ചു. എത്ര പ്രശസ്തിയുണ്ടായി, അവർക്കാണെങ്കിൽ അമൃത് പോലും ലഭിച്ചില്ല. കൃഷ്ണനോടുള്ള പ്രീതി മാത്രം. കൃഷ്ണപുരിയിൽ പോകും അതിനാൽ വിഷത്തെ ഉപേക്ഷിച്ചു. പതിയുടെ പിറകെ സ്ത്രീ സതിയനുഷ്ടിക്കുന്നത് പോലെ. ഇപ്പോൾ മീര ഓർമ്മിച്ചോർമ്മിച്ച് കൃഷ്ണപുരിയിൽ പോയി എന്നൊന്നുമില്ല. കൃഷ്ണപുരി തന്നെ ഇല്ല. മീരക്ക് 500-700 വർഷം കഴിഞ്ഞു കാണും.വളരെ നല്ല ഭക്തയായിരുന്നു, അതിനാൽ ഏതെങ്കിലും നല്ല ഭക്തരുടെ വീട്ടിൽ ജന്മമെടുത്തിട്ടുണ്ടാകും. അവരുടെ പേരും പ്രശസ്തിയും എത്ര നടക്കുന്നു. അതാണെങ്കിൽ ഭക്തമീരയാണ്. നിങ്ങൾ സത്യമായ ജ്ഞാനമീരകളായിമാറുന്നു. നിങ്ങൾ സൂര്യവംശീ ചന്ദ്രവംശീ മഹാറാണിമാരാകാൻ വേണ്ടിയാണ് വന്നിരിക്കുന്നത്. പഠിക്കാത്തവർ പഠിച്ചവരുടെ മുന്നിൽ ആദ്യം തല കുമ്പിടുമെങ്കിലും പക്ഷെ മഹാറാണിയാകുമല്ലോ. കുട്ടിക്കാലം മറന്ന് പിടിവിട്ട് പോയാൽ പിന്നീട് ഒരിക്കലും മഹാറാണിയാകില്ല, പ്രജയിലും ചെറിയ പദവിയേ ലഭിക്കൂ. വൈകുണ്ഡത്തിൽ വരും എന്നാൽ പദവി താഴ്ന്നതായിരിക്കും. ഭക്തി ചെയ്യുന്നവരോട് നിങ്ങൾ എന്താണ് ആഗ്രഹിക്കുന്നത് എന്ന് ചോദിക്കണം എന്ന് ബാബ മനസിലാക്കി തന്നിട്ടുണ്ട്. എന്തിനാണ് കൃഷ്ണനിൽ ഭക്തി ചെയ്യുന്നത് ?കൃഷ്ണന്റെ രാജധാനിയിൽ പോകണം എന്ന് തീർച്ചയായും ആഗ്രഹമുണ്ടാകും. എന്നാൽ എങ്ങിനെ അവിടെ പോകും ?ഞങ്ങൾക്ക് ശാന്തി വേണം എന്ന് ധാരാളം പേർ ആഗ്രഹിക്കുന്നു. എന്നാൽ ലോകം മുഴുവൻ അശാന്തിയാണ്. നിങ്ങൾ ഒരാൾക്ക് ശാന്തി ലഭിച്ചിട്ട് എന്തുണ്ടാകാനാണ്. ഞങ്ങൾ നിങ്ങളെ 21 ജന്മത്തേക്ക് സദാ സുഖികളാക്കി തീർക്കുന്നു. ദേവതമാർ ഈ ഭാരതത്തിൽ തന്നേയായിരുന്നു സദാ സുഖികളായിരുന്നിരുന്നത്. ഇപ്പോൾ ആ രാജധാനി സ്ഥാപിതമായി കൊണ്ടിരിക്കുന്നു. ഇവിടെ മായയുടെ രാജ്യമാണ്. ശാന്തി ലഭിക്കില്ല. ശാന്തിക്ക് വേണ്ടി സ്ഥലം വേറെയാണ്, സുഖത്തിന് വേറെ സ്ഥലമാണ്. സുഖധാം എന്നാൽ എല്ലാവരും സുഖികൾ. ഒരാൾ പോലും ദു:ഖികളായി ഉണ്ടാകില്ല. ദു:ഖധാമിൽ ഒരാൾ പോലും സുഖികളായി ഉണ്ടാകില്ല. ഏത് പോലെ രാജാവും റാണിയും അതു പോലെ പ്രജയും ഇവിടെ എല്ലാവരും ദു:ഖികൾ തന്നെ ദു:ഖികൾ. സുഖധാമിൽ മൃഗങ്ങൾ പോലും ഒരിക്കലും ദു:ഖികളാകുന്നില്ല. ശാന്തിയുടെ ലോകം വേറെയാണ്, അതിനെ നിർവ്വാണധാം എന്ന് പറയുന്നു. ബുദ്ധൻ മുകളിൽ നിർവ്വാണധാമിൽ പോയി. പക്ഷെ പോയിട്ടൊന്നുമില്ല. അഥവാ സ്വയം പോയി എങ്കിൽ എന്ത് ചെയ്തിട്ടാണ് പോയത്. എല്ലാവരും ദു:ഖത്തോടു ദു:ഖികളാണ്. എല്ലാവരും വഴക്കടിച്ച് കൊണ്ടിരിക്കുന്നു. ബർമ്മയും സിലോണും ബുദ്ധരുടേതാണ്. അവരും ഹിന്ദുക്കൾ പുറത്ത് പോകണം എന്ന് പറയുന്നു. സഹിക്കുന്നില്ല. ഇപ്പോൾ ബാബയും കാണുന്നുണ്ട് അനേക ധർമ്മങ്ങളായത് കാരണം പരസ്പരം സഹിക്കുന്നില്ല, അതിനാൽ എല്ലാവരേയും ഉടൻ പുറത്താക്കുന്നു. സത്യയുഗത്തിൽ ഒരുധർമ്മം മാത്രമാണ്

ഉണ്ടാവുക. ഈ ജ്ഞാനമെല്ലാം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. ചിത്രം കൈയ്യിൽ ഉയർത്തി പിടിച്ച് വാനപ്രസ്ഥികളുടെ സേവനം ചെയ്യണം. ക്ഷേത്രങ്ങളിൽ പ്രവേശിക്കണം. അവരോട് ചെന്ന് സംസാരിക്കണം. ശങ്കരന്റെ മുന്നിൽ ശിവലിംഗം കാണിച്ചിരിക്കുന്നു. എങ്കിൽ തീർച്ചയായും ശിവൻ ശങ്കരനേക്കാൾ മഹാനല്ലേ. ശങ്കരൻ ഭഗവാന്റെ രൂപമാണെങ്കിൽ പിന്നെ മുന്നിൽ ശിവലിംഗം വെക്കുന്നതിന്റെ ആവശ്യമെന്താണ്. ഇതെല്ലാം സന്യാസിമാരുടെ പ്രചാരണമാണ്. അവർ ദേവതാ ധർമ്മത്തിലുള്ളവരല്ല. അവർ സ്വയം ബ്രഹ്മജ്ഞാനി തത്വജ്ഞാനി എന്ന് പറയുന്നു. ശിവനെ അവർക്ക് അറിയുകയേ ഇല്ല. തത്വമാണ് വാസസ്ഥാനം. അത് ബ്രഹ്മമാണ് ചിലർ തത്വത്തേയും മാനിക്കുന്നില്ല. ശരി ബ്രഹ്മജ്ഞാനിയും തത്വജ്ഞാനിയുമാണ് പിന്നെ സ്വയം ശിവൻ എന്ന് എന്തിന് പറയുന്നു. ശിവനും ഒന്ന് തന്നെ, ബ്രഹ്മാവും ഒന്നു തന്നെ എന്ന് അവർ മനസിലാക്കുന്നു. ഒന്ന് തന്നേയാണെങ്കിൽ മൂന്ന് പേരുകളും വേറെ വേറെ എന്തിന് വിളിക്കുന്നു. ശിവന് ലിംഗരൂപത്തിൽ പൂജ ചെയ്യുന്നു. ബ്രഹ്മം അഥവാ തത്വത്തിന് പൂജ എവിടേയും കാണുന്നില്ല. അത് വസിക്കുന്നതിനുള്ള സ്ഥാനമാണ്. മനുഷ്യർ വളരെ തലതിരിഞ്ഞ് പോയി. നിങ്ങൾ കുട്ടികളിപ്പോൾ വിവേകശാലികളാകണം. സന്യാസിമാരിൽ നിന്നും ചിലർ വരും, യഥാർത്ഥ ദേവീ–ദേവതാധർമ്മത്തിൽ പെട്ടവർ പെട്ടെന്ന് വരും. മൂന്നു–നാലു ജന്മം മുമ്പ് മതം മാറിയതാണെങ്കിൽ ഉടൻ വരില്ല. പുതുതായി പോയവരാണെങ്കിൽ പെട്ടെന്ന് വരും, ബാബയിൽ ആകർഷണം ഇല്ലേ. ആത്മാക്കൾ സൂചിയാണ്, ബാബ കാന്തവും. ഇപ്പോൾ സൂചികളിൽ തുരുമ്പ് പിടിച്ചിരിക്കുന്നു. തുരിമ്പിച്ച സൂചികൾ എങ്ങിനെ മുകളിൽ പോകും. തുരുമ്പെടുത്ത വസ്തുക്കൾ മണ്ണെണ്ണയിൽ ഇടുന്നു. ബാബ ഈ ജ്ഞാനാമൃതത്തിലൂടെ എല്ലാവരുടെ കറയേയും കളയുന്നു. വീണ്ടും നമ്മൾ സത്യമായ സ്വർണമായി തീരും. നിങ്ങൾ കല്ല്നാഥനിൽ നിന്നും ഇപ്പോൾ പവിഴനാഥനായി തീരുന്നു. ഭാരതം പവിഴപുരിയായിരുന്നു. ഇപ്പോൾ സ്വർണത്തിന്റെ വില എത്ര ഉയർന്നിരിക്കുന്നു. അവിടെ വളരെ വില കുറഞ്ഞതാകും. ഇപ്പോൾ ഈ ഭാരതം കല്ല്പുരിയായി തീർന്നിരിക്കുന്നു. വീണ്ടും പവിഴപുരിയായി തീരും. നമ്മുടെ ബുദ്ധിയിൽ ആ ചക്രം കറങ്ങികൊണ്ടിരിക്കുന്നു. ദിവസം മുഴുവനും ചക്രം ബുദ്ധിയിൽ കറങ്ങി കൊണ്ടിരിക്കണം എങ്കിൽ ചക്രവർത്തീ രാജാ– റാണീ ആകും. ലോകത്ത് ഈ കാര്യങ്ങളൊന്നും ആരും അറിയുന്നില്ല. സത്യയുഗത്തിൽ ആരാണോ രാജ്യം ഭരിക്കുന്നത് അവർക്ക് 84ജന്മം, പിന്നീട് ത്രേതായുഗത്തിൽ വരുന്ന വർക്കു തീർച്ചയായും കുറവായിരിക്കും. 84ജന്മം എവിടെ 84 ലക്ഷം ജന്മം കാണിക്കുന്നത് എവിടെ. അത്രയും ജന്മമുണ്ടെങ്കിൽ കൽപ്പവും അത്രയും നീണ്ടതാകണം. എല്ലാം കിംവദന്തിളാണ്. എപ്പോഴും ആദ്യം ചിത്രം മുന്നിൽ വെക്കണം. പണം നിങ്ങൾ ഒരിക്കലും ചോദിക്കരുത്. അവർക്ക് നൽകലാണ് നിങ്ങളുടെ ജോലി. എന്തെങ്കിലും തരണമെങ്കിൽ സ്വയമേ തരും. ആരെങ്കിലും ഫീസ് ചോദിക്കുകയാണെങ്കിൽ ബാബ ദരിദ്രനിൽ വസിക്കുന്നവനാണ് എന്ന് പറയൂ. ദരിദ്രർക്ക് ഫ്രീയാണ്. ബാക്കി സമ്പന്നർ എത്ര തരന്നുവോ അത്രയും നമ്മൾ അച്ചടിക്കും. പണം നമ്മൾ നമ്മുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നില്ല. എന്ത് ലഭിച്ചാലും അത് മറ്റുള്ളവരുടെ ആവശ്യത്തിന് വേണ്ടി ഉപയോഗിക്കുന്നു. സമ്പന്നനാണെങ്കിൽ ധർമ്മശാലയും മറ്റും സ്ഥാപിക്കും. ദരിദ്രർക്കും ഉണ്ടാക്കാം, ഇതിൽ ചിലവൊന്നുമില്ല. ഞാൻ സെന്റർ തുറക്കും എന്ന് കക്കോട് ഗ്രാമത്തിലെ മാതാ പറയുന്നത് പോലെ. ഇങ്ങിനെയുള്ള ഈശ്വരീയ യൂണിവേഴ്സിറ്റിയിൽ 3–4 പേർ നല്ല പദവി നേടിയാൽ അഹോ അവരുടെ ഭാഗ്യം. ഇതിൽ വിശാല മനസ്ക്കരാകണം. ബാബയെ നോക്കൂ എത്ര വിശാല ഹൃദയനാണ്. അഴുക്കുകൾ എടുത്ത് ചക്രവർത്തീ പദവി നൽകുന്നു. സൽ പുത്രർക്ക് തന്നേയാണ് ബാബയുടെ സേവനം ചെയ്യാൻ സാധിക്കുക. കുപുത്രർ എന്ത് ചെയ്യും. കുപുത്രർക്ക് ബാബ അൽപ്പം പോലും സമ്പത്ത് നൽകില്ല. നിങ്ങളും സദ്ഗുരുവിന്റെ പ്രത്യക്ഷത ചെയ്യണം. കാമം അഥവാ ക്രോധത്തിൽ വരികയാണെങ്കിൽ സദ്ഗുരുവിന്റെ നിന്ദ ചെയ്യലാണ് പിന്നീട് പദവി നേടാൻ സാധിക്കില്ല. വളരെ ശ്രദ്ധിക്കണം.

നിങ്ങൾ എല്ലാ ധർമ്മത്തിൽ പെട്ടവർക്കും മനസിലാക്കി കൊടുക്കണം. മുസ്ലീങ്ങൾക്കും മനസിലാക്കി കൊടുക്കൂ – നിങ്ങൾ അല്ലാഹുവിന്റെ നമസ്കാരം ചെയ്യുകയാണെങ്കിൽ തീർച്ചയായും സ്തുതിപാഠകരാ യല്ലോ. എങ്കിൽ അല്ലാഹു എവിടെയാണ് ? അല്ലാഹുവിന് തന്നേയാണ് രചയിതാവിന്റേയും, രചനയുടേയും ജ്ഞാനം പറയാൻ സാധിക്കൂ. ശാന്തീധാമിലാണ് വസിക്കുന്നത്. ആ അല്ലാഹുവിനെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾക്ക് ശാന്തിയുടെ സമ്പത്തെടുക്കാൻ സാധിക്കും. സമ്പത്തെടുത്തെടുത്ത് വികർമ്മം വിനാശമാകും, പിന്നീട് നിങ്ങൾ അല്ലാഹുവിന്റെ അടുക്കൽ പോകും. ഈ ജ്ഞാനം എല്ലാധർമ്മത്തിൽ പെട്ടവർക്കുമുള്ളതാണ്. ഇത് ഒരു പുതിയ കാര്യമാണ്. ജ്ഞാനത്തിലൂടെ നിങ്ങളുടെ തോണി മറുകര കടക്കും മറ്റെവിടേയും പോകേണ്ട കാര്യമേ ഇല്ല. മധുരമായ കുട്ടികളേ ഇപ്പോൾ നിങ്ങൾക്ക് സ്വർഗത്തി പോകണമെങ്കിൽ തീർച്ചയായും പവിത്രമാകണം. നോക്കൂ ഭാരതത്തിൽ പവിത്രത ഇല്ലാത്ത കാരണം ക്ഷീണം അനുഭവിച്ച് കൊണ്ടിരിക്കുന്നു. എന്തെല്ലാം ലഹളകളാണ് –ഗാന്ധിജി പഠിപ്പിച്ച് പോയി പ്രജകൾ പിന്തുടരുന്നു. തൂപ്പുകാരൻ, തൊഴിലാളി, ഡ്രൈവർ, തുടങ്ങിയവരെല്ലാം സമരം ചെയ്യുന്നു, ഗവൺമെന്റിനെ

ശ്വാസം മുട്ടിക്കുന്നു. ഞങ്ങൾ ഇത്രയും ചിലവ് എവിടെ നിന്ന് എടുക്കും എന്ന് ഗവൺമെന്റ്, അപ്പോൾ അവർ പറയുന്നു, നിങ്ങൾ തമാശ പറയുകയാണ്, ധനം കൂട്ടി വെച്ചുകൊണ്ടിരിക്കുകയാണ് , ഞങ്ങൾ ഒരു കേസും ഉണ്ടാക്കിയിട്ടില്ല, ഞങ്ങൾക്ക് വേതനം വേണം എന്ന് പറയുന്നു. സമരം ചെയ്യുമ്പോൾ വ്യാപാരമെല്ലാം നിലച്ച് പോകുന്നു. ഇവയെല്ലാം ഉണ്ടാകുക തന്നെ വേണം. ചിലസ്ഥലത്ത് ധാന്യങ്ങൾ ലഭിക്കില്ല, പാൽ ലഭിക്കില്ല. അവിടെവിടെയെല്ലാം കലഹങ്ങൾ. ഈ ലഹളകളെല്ലാം ഉണ്ടായി ശാന്തിയുണ്ടാകും. അർജുനന് വിനാശത്തിന്റേയും, വിഷ്ണുപുരിയുടേയും സാക്ഷാത്ക്കാരമുണ്ടായില്ലേ. നിങ്ങൾക്കും ഇപ്പോൾ ഉണ്ടായി കൊണ്ടിരിക്കുന്നു. നോക്കൂ നിങ്ങളെത്ര സ്നേഹികളായ കുട്ടികളാണ്. വളരെ ജന്മങ്ങളുടെ അവസാനത്തിൽ വന്നതിനാൽ മുഴുവൻ സൗഭാഗ്യവും എടുക്കൂ.

(മഴ വളരെ ശക്തമായി പെയ്തു കൊണ്ടിരുന്നു) നോക്കൂ ബാബയുടെ ജ്ഞാനവർഷം വളരെ ഉണ്ടായതിനാൽ ആ മഴയും ധാരാളമുണ്ടായി. മഴക്ക് വേണ്ടി യജ്ഞം രചിക്കുന്നു, ശാന്തിക്ക് വേണ്ടിയും യജ്ഞം രചിക്കുന്നു, എന്നാൽ ശാന്തിസാഗരൻ ഒരേയൊരു ബാബയാണ്. ആ ഭഗവാൻ വരുമ്പോൾ ശാന്തിയുടെ ജ്ഞാനം നൽകുന്നു. നൽകുന്നത് ആ ഭഗവാൻ തന്നേയല്ലേ. നല്ല കുട്ടികളെ മധുരക്കുട്ടി എന്ന് പറയുന്നു. മിഠായി കഴിപ്പിച്ച് കൊണ്ടിരിക്കുന്നു അവർ സ്ഥൂലമായ മിഠായിയും, ആത്മീയ അച്ഛൻ ആത്മീയ മിഠായിയും നൽകുന്നു. ദേഹീ അഭിമാനിയായി ഇരിക്കുക എന്നതാണ് ഏറ്റവും വലിയ ലക്ഷ്യം, ഇതിൽ പരിശ്രമം വേണം. ബാബ പറയുന്നു 8 മണിക്കൂർ ദേഹീ അഭിമാനിയാകൂ. ശരീര നിർവ്വഹണാർത്ഥം ജോലിയും ചെയ്യൂ. രാത്രിയിൽ ഉണർന്നിരിക്കുകയാണെങ്കിൽ വളരെ നല്ല ലഹരിയുണ്ടാകും. സമ്പാദ്യമല്ലേ. നിദ്രാജീത്തായ കുട്ടികളേ ഓരോ ശ്വാസത്തിലും എന്നെ ഓർമ്മിക്കൂ. വിചാരസാഗരമഥനം ചെയ്യൂ. രാവും പകലും എത്ര യോഗത്തിൽ ഇരിക്കുന്നുവോ അത്രയും വികർമ്മം വിനാശമാകും.എത്രത്തോളം ജ്ഞാനം സ്മരിക്കുന്നുവോ അത്രയും സമ്പാദ്യമുണ്ടാകും. ബാക്കി സേവനം ധാരാളം ഉണ്ട്. ബാബയോട് ചോദിക്കുകയാണെങ്കിൽ ബാബ പറയും ഇരുന്നു കൊള്ളൂ, വിശ്രമിച്ചുകൊള്ളൂ ഇതിൽ ചോദിക്കേണ്ട കാര്യമില്ല. ബാബ സാമൂഹ്യ മര്യാദകളെത്തെക്കുറിച്ച് എന്തെങ്കിലും ചിന്തിച്ചിരുന്നോ. ചക്രവർത്തീ പദവിയല്ലേ ലഭിക്കുന്നത്. ബാക്കി ശരിയാണ് ഓരോരുത്തർക്കും അവരവരുടെ പാർട്ടാണ്. ബാബയോട് ചോദിക്കണം. ഓരോരുത്തരും അവരവരുടെ നിർദ്ദേശം ചോദിക്കണം കാരണം ഓരോരുത്തരുടെ കർമ്മബന്ധനവും വേറെ വേറെയാണ്. പണമുണ്ടെങ്കിൽ അലൗകിക സേവനത്തിൽ സഫലമാക്കണം. കുട്ടികൾക്ക് മഹാവീരരാകണം. എനിക്ക് ഒരേയൊരു ശിവബാബ മാത്രം രണ്ടാമതൊരാളില്ല എന്ന് പാടിയിട്ടില്ലേ. ശിവബാബ എല്ലാവരുടേയും അച്ഛനാണ്. ശിവബാബ പറയുന്നു ഞാൻ എല്ലാവരേയും തിരികെ കൊണ്ട് പോകുന്നതിന് വന്നിരിക്കുന്നു. ബാബ പറയുന്നു ഈ ലോകത്ത് ഒരു മനുഷ്യനും ത്രികാല ദർശീ ആസ്തികനല്ല. എല്ലാവരും നാസ്തികരാണ്. ബാബയേ അറിയാത്തവർ. ബാക്കി സിദ്ധിയുള്ളവർ ധാരാളമുണ്ട്. മായയും ഒട്ടും കുറവല്ല, ഈ മായയേ തന്നേയാണ് ജയിക്കേണ്ടത് അതിനാൽ കവചം ധരിക്കണം. കവചത്തിന്റെ അർത്ഥമാണ് മന്മനാഭവ. ശിവബാബയേ ഓർമ്മിക്കൂ, ദേഹീഅഭിമാനിയാകൂ. ഈ അന്തിമ ജന്മത്തിൽ നിങ്ങൾ ഒരേ ഒരു തവണ ദേഹീ അഭിമാനിയാകൂ. പിന്നീട് സത്യയുഗം മുതൽ കലിയുഗം വരെ ഈ ദേഹീ അഭിമാനിയാകുന്നതിനുള്ള ശിക്ഷണം ആരും നൽകുന്നില്ല. ഈ സമയം തന്നേയാണ് ദേഹീ അഭിമാനിയാകേണ്ടത് കാരണം ഇപ്പോൾ ശരീരം ഉപേക്ഷിച്ച് എന്റെ അടുക്കൽ വരണം. ദേവതമാർ എന്തിന് ദേഹീ അഭിമാനിയാകണം, അവർക്ക് തിരികെ പോകുകയേ വേണ്ട. ഈ ജ്ഞാനം ഇപ്പോഴാണ് നിങ്ങൾക്ക് ലഭിക്കുന്നത്. നിങ്ങൾ അശരീരികളായിരുന്നു പിന്നീട് ഈ ശരീരം ധാരണ ചെയ്ത് പാർട്ടഭിനയിക്കുന്നു, ഇപ്പോൾ വീണ്ടും ശരീരം ഉപേക്ഷിച്ച് തിരികെ പോകണം. തന്റെ അവസ്ഥ സൂക്ഷിക്കണം. മായയോട് ജയിക്കണം. ഗൃഹസ്ഥവ്യവഹാരത്തിൽ ഇരിക്കണം. കൊക്കും ഹംസവും ഒരുമിച്ചിരിക്കുമ്പോൾ വിഘ്നമുണ്ടാകുന്നു. അസുരന്മാരുടെ അക്രമവും വളരെ സഹിക്കേണ്ടി വരുന്നു. വീട്ടിലിരുന്ന് പ്രതിജ്ഞ ചെയ്യുന്നു, ബാബാ എന്ത് തന്നെ സംഭവിച്ചാലും ഞങ്ങൾ അങ്ങയിൽ നിന്ന് തീർച്ചയായും സമ്പത്തെടുത്ത് കൊണ്ടിരിക്കും. എത്ര പ്രഹരം അനുഭവിക്കുന്നു. ഡ്രാമയനുസരിച്ച് ഈ പാർട്ട് കൽപ്പം മുമ്പും നടന്നിരുന്നു. ആരാണോ കൂടുതൽ അക്രമം സഹിക്കുന്നത് അവർ തന്നേയാണ് സൗഭാഗ്യശാലികൾ. വന്ന് കാണുകയെങ്കിലും ചെയ്തല്ലോ. അതിന്റെ പ്രാലബ്ധം ഉണ്ടായില്ലേ. ഇതിൽ പരിശ്രമം ഉണ്ട്, അസുരനിൽ നിന്ന് ദേവതയാകണം. ഏത് വരെ ജീവിക്കുന്നുവോ അത് വരെ ജ്ഞാനാമൃതം കുടിക്കുക തന്നെ വേണം. ബാബ പുതിയ പുതിയ കാര്യങ്ങൾ മനസിലാക്കി തന്ന് കൊണ്ടിരിക്കുന്നു. യുക്തികൾ പറഞ്ഞ് തന്ന് കൊണ്ടിരിക്കുന്നു. ഇതിനെ വിചാരസാഗരമഥനം എന്ന് പറയുന്നു. ബുദ്ധിയുടെ മഥനം നടക്കണം രാത്രിയിലും ശിവബാബയേ ഓർമ്മിച്ച് ഉറങ്ങൂ, സേവനത്തിൽ ലഹരിയുണ്ടെങ്കിൽ അവർക്ക് അൽപ്പം പോലും ഉറക്കം വരില്ല. ചിന്ത ഉണ്ടായി കൊണ്ടിരിക്കും. ഈ പോയന്റിലൂടെ എന്തെല്ലാം മനസിലാക്കി കൊടുക്കാം. ജ്ഞാനം നല്ല രീതിയിൽ ഉള്ളിൽ ഉറയ്ക്കണം. ജ്ഞാനം ഉറച്ചാലേ രാജതിലകം നേടുന്നതിന് യോഗ്യരാകൂ. ആരാണോ സമർത്ഥരായ കുട്ടികൾ അവരെ പിന്തുടരണം, വളരെ ശക്തമായ സമ്പാദ്യമാണ്, ലക്ഷവും കോടിയും സമ്പാദ്യമുള്ളവരുടേയെല്ലാം നശിച്ച് പോകും.

അൽപ്പസമയത്തിനുള്ളിൽ  കാണാം എന്ത് സംഭവിക്കുമെന്ന്. പിന്നീട് മനുഷ്യർ ഉണരും. യുദ്ധങ്ങളുടേയും മറ്റും റിഹേഴ്സൽ  ഉണ്ടായികൊണ്ടിരിക്കും. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക്  മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണക്കുള്ള മുഖ്യസാരം -**

1) യാതൊരു വസ്തുവിലും ആസക്തി വെക്കരുത്. ദേഹീ അഭിമാനിയായി ഇരിക്കണം. ഓർമ്മയുടെ കവചം സദാ ധരിച്ചിരിക്കണം.

2) നിദ്രയെ ജയിച്ച് ഓരോ ശ്വാസത്തിലും ബാബയെ ഓർമ്മിക്കണം, ജ്ഞാനം സ്മരിച്ച് സമ്പാദ്യം ശേഖരിക്കണം. ബുദ്ധിയെ കടഞ്ഞ് കൊണ്ടിരിക്കണം.

## വരദാനം : സർവ്വശക്തിവാന്റെ കൂട്ടിന്റെ അനുഭൂതിയിലൂടെ സർവ്വ പ്രാപ്തികളുടെ അനുഭവം ചെയ്യുന്ന തൃപ്ത ആത്മാവായി ഭവിക്കട്ടെ.

എവിടെ സർവ്വശക്തിവാനായ ബാബയുണ്ടോ അവിടെ സർവ്വ പ്രാപ്തികളുടെയും അനുഭവം സ്വതവേ ഉണ്ടാകുന്നു എങ്ങനെയാണോ ബീജം ഉണ്ടെങ്കിൽ അതിൽ വൃക്ഷം അടങ്ങിയിട്ടുള്ളത് ഇങ്ങനെ സർവ്വശക്തിവാന്റെ കൂട്ട് ഉണ്ടെങ്കിൽ സദാ സമ്പന്നം, സദാ ധനികരാകുന്നു ഒരിക്കലും ഒരു കാര്യത്തിലും ദുർബലമാവുകയില്ല ഒരിക്കലും പരാതിപ്പെടുകയില്ല സദാ പൂർണ്ണം. എന്തു ചെയ്യും, എങ്ങനെ ചെയ്യും ഈ പരാതിയില്ല എന്തുകൊണ്ട് എന്നതിൻറെ ക്യൂ സമാപ്തം ആരാണോ സദാ കൂടെ കഴിയുന്നത് അവർ പോകുന്നതും കൂടെയാകും.

## സ്ലോഗൻ:- കണ്ണുകളിൽ വെളിച്ചം അടങ്ങിയിട്ടുള്ളത് പോലെ ബുദ്ധിയിൽ ശിവ പിതാവിൻറെ ഓർമ്മ അടങ്ങണം